# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. റോസ്ഗർ മേളയുടെ ഭാഗമായി 51,000 യുവാ ക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിയമന ഉത്തരവ് കൈമാറും.

   Prime Minister Narendra Modi to hand over appointment orders to 51,000 youth as part of Rozgar Mela tomorrow

2. ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റി യോഗം പാർലമെന്റ് ഹൗസിൽ പുരോഗമിക്കുന്നു.

   The Joint Parliamentary Committee meeting on One Nation One Election is underway at Parliament House.

3. രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും.

   Union Home Minister Amit Shah will arrive in Thiruvananthapuram today for a two-day visit to Kerala.

4. കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുളള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു.

   The central team to coordinate Nipah prevention activities in Kerala continues its visit to Palakkad and Malappuram.

5. വർദ്ധിച്ചുവരുന്ന ജനസംഖ്യ മൂലമുണ്ടാകുന്ന വെല്ലുവിളികളിലും, അവസരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ന് ലോക ജനസംഖ്യാ ദിനം

**World Population Day today focuses on the challenges and opportunities posed by the growing population**

6. വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിഫൈനലിൽ ഇന്ന് നൊവാക് ജോക്കോവിച്ചും യാനിക് സിന്നറും ഏറ്റുമുട്ടും. വനിതാ ഫൈനൽ നാളെ.

**Novak Djokovic and Yannick Zinner will clash in the Wimbledon men's singles semifinals today. Women's final tomorrow**

*********************************

## PM – ROZGAR MELA

റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലായി പുതുതായി നിയമിതരായ 51,000ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവ് വിതരണം ചെയ്യും. നിയമിതരായവരെ അദ്ദേഹം അഭിസംബോധന ചെയ്യും. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലായി പതിനാറാമത് റോസ്ഗർ മേള നടക്കും. കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിലും വകുപ്പുകളിലുമാണ് നിയമനങ്ങൾ നടക്കുന്നത്. രാജ്യത്തുടനീളമുള്ള റോസ്ഗർ മേളകൾ വഴി ഇതുവരെ പത്ത് ലക്ഷത്തിലധികം റിക്രൂട്ട്മെന്റ് കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

*********************************

## JPC – ONE NATION ONE ELECTION

ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ യോഗം പാർലമെന്റ് ഹൗസിൽ പുരോഗമിക്കുന്നു. ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തിരഞ്ഞെടുപ്പ് സാധ്യമാക്കുന്ന

2024 ലെ 129-ാം ഭരണഘടനാ ഭേദഗതിബിൽ, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ- ഭേദഗതി ബിൽ എന്നിവ പരിശോധിക്കുന്നതിന്റെ ഭാഗമായാണ് ഈ യോഗം. ബിജെപി എംപി -അനുരാഗ് താക്കൂർ, കോൺഗ്രസ് എംപി- പ്രിയങ്ക ഗാന്ധി, സമാജ്‌വാദി പാർട്ടി എംപി-ധർമ്മേന്ദ്ര യാദവ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നു.

*****************************************

## VICE PRESIDENT (INTRO)

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഫലപ്രദമായ പരിവർത്തനത്തിന് വ്യവസായം ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് ഉപരാഷ്ട്രപതി ജഗ്ധീപ് ധൻകർ. ആഗോള സമ്പദ് വ്യവസ്ഥയിൽ സ്ഥിരതയും മൂല്യവുമുള്ള പങ്കാളിയായി മാറുന്നതിനുള്ള ശരിയായ പാതയിലാണ് രാജ്യമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന സിഐഐ-ഐടിസി സുസ്ഥിരതാ അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി .

(VOICE)

*****************************************

## AMIT SHAH-KERALA

രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് എത്തും. നാളെ രാവിലെ ബിജെപി സംസ്ഥാന കമ്മറ്റി ഓഫീസിൻറെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിക്കും. തുടർന്ന് പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന ബിജെപി വാർഡുതല നേതൃസംഗമം ഉദ്ഘാടനം ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അമിത് ഷാ പങ്കെടുക്കും. വൈകിട്ട്

കണ്ണൂരിലേക്ക് തിരിക്കുന്ന ആഭ്യന്തരമന്ത്രി തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തി ഡൽഹിക്ക് മടങ്ങും.

***********************************

## UNION MINISTRY OF LABOUR

രാജ്യത്തെ തൊഴിലാളികൾക്കും തൊഴിൽ-ഉടമകൾക്കും സാമൂഹ്യ സുരക്ഷാ പരിരക്ഷ ഉറപ്പാക്കുന്നതിൻ്റെ ഭാഗമായി, തൊഴിലാളി- തൊഴിലുടമ രജിസ്ട്രേഷൻ പ്രോത്സാഹന പ ദ്ധതിയുമായി കേന്ദ്ര തൊഴിൽ മന്ത്രാലയം. പദ്ധതിയ്ക്ക് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അധ്യക്ഷനായ 196-മത് ഇ.എസ്.ഐ. കോർപ്പറേഷൻ യോഗത്തിൽ അംഗീകാരം നൽകി. രജിസ്റ്റർ ചെയ്യാത്ത തൊഴിലുടമകൾക്കും, കരാർ, താൽക്കാലിക തൊഴിലാളികൾക്കും പരിശോധനകളോ മുൻകാല കുടിശ്ശികകൾക്കുള്ള നടപടികളോ നേരിടാതെ എൻറോൾ ചെയ്യാൻ പദ്ധതി അവസരമൊരുക്കും. 2025 ജൂലൈ 1 മുതൽ ഡിസംബർ 31 വരെയാണ് കാലാവധി.

***********************************

## IMF NOTE UPI

യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് വൻതോതിൽ സ്വീകരിച്ചതിനാൽ ഇന്ത്യ ലോകത്തിലെ മറ്റേതൊരു രാജ്യത്തേക്കാളും വേഗത്തിൽ പേയ്മെന്റുകൾ നടത്തുന്നുണ്ടെന്ന് അന്താരാഷ്ട്ര നാണയ നിധി. 2016-ൽ ആരംഭിച്ചതിനുശേഷം യുപിഐ ഇപ്പോൾ പ്രതിമാസം 18 ബില്യണിലധികം ഇടപാടുകൾ നടത്തിവരുന്നു.

***********************************

## KEAM-HC

കേരള എൻജിനിയറിങ്, ആർക്കിടെക്ചർ ആൻഡ് മെഡിക്കൽ എൻട്രൻസ് , കീം പരീക്ഷയുടെ പുതുക്കിയ ഫലം പ്രസിദ്ധീകരിച്ചു.

76,230 വിദ്യാർഥികൾ യോഗ്യത നേടി. ആദ്യത്തെ റാങ്ക് പട്ടിക റദ്ദാക്കിയ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി ഡിവിഷൻ ബെഞ്ച് ശരിവച്ചിരുന്നു. ഇതേത്തുടർന്നാണ് മുൻ നിശ്ചയിച്ച പ്രോസ്പെക്ടസ് പ്രകാരം പുതുക്കിയ പട്ടിക പ്രസിദ്ധീകരിച്ചത്.

*********************************

## AXIOM-4 - NASA

ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെ ആക്സിയം-4 ദൗത്യത്തിലെ നാല് അംഗങ്ങളുടെയും മടക്കയാത്ര തിങ്കളാഴ്ച ആരംഭിക്കും. അൺഡോക്കിംഗിന് മണിക്കൂറുകൾക്ക് ശേഷം പസഫിക് സമുദ്രത്തിൽ കലിഫോർണിയ തീരത്തിനടുത്താകും പേടകം ഇറങ്ങുകയെന്ന് നാസ കൊമേഴ്സ്യൽ ക്രൂ പ്രോഗ്രാം മാനേജർ സ്റ്റീവ് സ്റ്റിച്ച് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ശുഭാംശു ശുക്ല, 14 ദിവസത്തെ ദൗത്യത്തിനാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോയത്.

*********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************

## POPULATION DAY-NADDA.. INTRO

ഇന്ന് ലോക ജനസംഖ്യാ ദിനം. വർദ്ധിച്ചുവരുന്ന ജനസംഖ്യ മൂലമുണ്ടാകുന്ന വെല്ലുവിളികളിലും, അവ സൃഷ്ടിക്കുന്ന അവസരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് എല്ലാ വർഷവും ജൂലൈ 11 ന് ജനസംഖ്യാ ദിനം ആചരിക്കുന്നത്. **വിശദാംശങ്ങളിലേക്ക്.**

(വോയ്സ്)

"അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും ക്ഷേമത്തിനും ഗർഭകാലത്തിന്റെ ആരോഗ്യകരമായ സമയവും ഇടവേളയും"- എന്നതാണ് ഈ വർഷത്തെ പ്രമേയം. ഇത് മാതൃ-ശിശു ആരോഗ്യത്തിന് ആസൂത്രിതമായ രക്ഷാകർതൃത്വത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. ജനസംഖ്യ പ്രശ്നങ്ങൾക്ക് പരിസ്ഥിതിയുമായും വികസനവുമായും ഉള്ള ബന്ധം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായാണ് 1990 ഡിസംബറിൽ ലോക ജനസംഖ്യാ ദിനം ആചരിക്കുവാൻ ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ തീരുമാനിച്ചത്. കുടുംബാസൂത്രണത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും, ജനസംഖ്യാ സംബന്ധമായ വെല്ലുവിളികളെ നേരിടുന്നതിനും ഇന്ത്യയുടെ പ്രതിബദ്ധത വർധിപ്പിക്കുന്നതിനുള്ള അവസരമാണ് ഈ ദിനമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ സമൂഹ മാധ്യമത്തിൽ കുറിച്ചു. ന്യൂസ് ഡസ്ക്, ആകാശവാണി....

***********************************

## RBI ₹2,000 NOTES

2,000 രൂപയുടെ കറൻസി നോട്ടുകൾ പ്രചാരത്തിലില്ലെങ്കിലും അവയ്ക്ക് ഇപ്പോഴും നിയമസാധുതയുള്ളതായി റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി. ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയെക്കുറിച്ച് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയെ അറിയിക്കുന്നതിനിടെയാണ് അദ്ദേഹം ഈ പ്രസ്താവന നടത്തിയത്. വ്യാജ കറൻസിക്കെതിരെ നടപടിയെടുക്കാൻ കേന്ദ്ര ബാങ്കും സർക്കാരും പ്രതിജ്ഞാബദ്ധരാണെന്നും അത്തരം പ്രവർത്തനങ്ങൾ തടയാൻ നിരന്തരം നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അദ്ദേഹം ഉറപ്പ് നൽകി.

***********************************

## NIPAH

കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കേന്ദ്രസംഘം പാലക്കാടും മലപ്പുറത്തും സന്ദർശനം തുടരുന്നു. പൂനൈ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പരിശോധന നടത്തുന്നത്. വവ്വാലുകളെക്കുറിച്ച് സർവേ നടത്തുന്ന മറ്റൊരു സംഘവും പ്രദേശത്തുണ്ട്. സെപ്റ്റംബർ മാസം വരെ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിൻറെ നിർദ്ദേശം. അതേ സമയം മലപ്പുറത്ത് പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ കണ്ടെയ്മെൻറ് സോണുകൾ ഒഴിവാക്കി. പാലക്കാട് കണ്ടേയ്ൻമെൻറ് സോണുകൾക്ക് മാറ്റമില്ല. നിലവിൽ സംസ്ഥാനത്ത് രണ്ടുപേരാണ് നിപാ ബാധിതരായി ചികിത്സയിലുള്ളത്. സമ്പർക്കപ്പട്ടികയിൽ ആകെ 499 പേരാണ് ഉള്ളത്.

*****************************************

## CTCRI–GOVERNOR

ശാസ്ത്രീയ ഇടപെടലിലൂടെ രാജ്യം കാർഷിക രംഗത്ത് മുന്നേറുകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ. തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങ് വർഗ ഗവേഷണ കേന്ദ്രത്തിന്റെ 62-ാാം സ്ഥാപക ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ലബോറട്ടറികളിൽ നടക്കുന്ന എല്ലാ ശാസ്ത്രീയ പരീക്ഷണങ്ങളും രാജ്യത്തെ ജനങ്ങൾക്കും കർഷകർക്കും ഗുണം ചെയ്യണമെന്നും ഗവർണർ പറഞ്ഞു.

*****************************************

## VIZHINJAM

കേരളത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യ കണ്ടെയ്നർ കപ്പൽ ബെർത്ത് ചെയ്തതിന്റെ ഒന്നാം വാർഷികം ഇന്ന്. 2024 ജൂലൈ 11ന് ആണ് സാൻ ഫെർണാണ്ടോ എന്ന കപ്പൽ കണ്ടെയ്നറുകളുമായി വിഴിഞ്ഞത്ത് അടുത്തത്. 2024 ഡിസംബറിൽ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചു. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന എം എസ് സി ഐറിന ഉൾപ്പെടെ കഴിഞ്ഞ ഒരു വർഷത്തിനിടെ 392 കപ്പലുകളാണ് വിഴിഞ്ഞത്ത് എത്തിയത്.

*********************************

## JSK

JSK സിനിമയുടെ പുതിയ പതിപ്പ് ഇന്ന് സെൻസർ ബോർഡിന് മുന്നിൽ എത്തും . ജാനകി വി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന് പേര് മാറ്റിയാണ് സിനിമ പുറത്തിറങ്ങുക .കോടതിയിലെ ഒരു രംഗം മ്യൂട്ട് ചെയ്യണമെന്ന് കഴിഞ്ഞ ദിവസം കോടതി ആവശ്യപ്പെട്ടിരുന്നു. പുതിയ പതിപ്പ് സമർപ്പിച്ച് മൂന്നു ദിവസത്തിനകം സിനിമയ്ക്ക് സർട്ടിഫിക്കറ്റ് നൽകാമെന്ന് സെൻസർ ബോർഡും കോടതിയെ അറിയിച്ചു.

*********************************

## WIMBLEDON

വിംബിൾഡൺ ടെന്നീസ്, പുരുഷ സിംഗിൾസ് സെമി ഫൈനലിൽ നൊവാക് ജോക്കോവിച്ച് യാനിക് സിന്നറുമായി ഇന്ന് ഏറ്റുമുട്ടും. വനിതാ സിംഗിൾസ് ഫൈനലിൽ , ഇഗ സ്വിയടെക് നാളെ അമാൻഡ അനിസിമോവയുമായി മത്സരിക്കും.

*********************************

## RAILWAYS NEW INSPECTION SYSTEM

ട്രെയിനുകളുടെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള പരിശോധാ സംവിധാനവുമായി ഇന്ത്യൻ റെയിൽവേ. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് അധിഷ്ഠിത സാങ്കേതിക സംവിധാനമായ മെഷീൻ വിഷൻ ബേസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ഡെഡിക്കേറ്റഡ് ഫ്രൈറ്റ് കോറിഡോർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡുമായി ഇന്ത്യൻ റെയിൽവേ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ട്രെയിനുകളിലെ മെക്കാനിക്കൽ തകറാറുകളുൾപ്പെടെ കണ്ടെത്തി ഉടനടി മുന്നറിയിപ്പ് നൽകാൻ ഈ എംവിഐഎസ് പരിശോധാ സംവിധാനത്തിന് സാധിക്കും.

*********************************************

## US ADVISORY-IRAN TRAVEL

ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കാൻ അമേരിക്കൻ പൗരന്മാർക്ക് മുന്നറിയിപ്പ് നൽകി യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ്. അമേരിക്കയിൽ താമസമാക്കിയിട്ടുള്ള ഇറാനിയൻ വംശജർക്കുൾപ്പെടെയാണ് യുഎസിന്റെ മുന്നറിയിപ്പ്. ഇറാൻ - ഇസ്രായേൽ ബന്ധം വഷളാവുകയും ഇറാൻ ആണവകേന്ദ്രങ്ങളിൽ യുഎസ് നടത്തിയ സൈനിക നടപടികളുടെയും പശ്ചാത്തലത്തിലാണ് യാത്രാ നിർദേശം പുറത്തിറക്കിയത്.

**************************************************

## J AND K OPERATIONS

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ ഇന്നലെ സൈന്യത്തിന്റെ റോമിയോ ഫോഴ്സും, പോലീസിന്റെ സ്പെഷ്യൽ ഓപ്പറേഷൻസ് വിഭാഗവും സംയുക്തമായി നടത്തിയ സൈനിക നീക്കത്തിൽ ഭീകരവാദികളുടെ ഒളിത്താവളം തകർത്തു. തെരച്ചിലിൽ വൻ തോതിലുള്ള ആയുധ ശേഖരവും, സ്ഫോടകവസ്തുക്കളും കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്.

**************************************************************************************